©
Government of Kerala
കേരള സർക്കാർ
2003

Reg. No. രജി. നമ്പർ
KL/TV(N)/12/2003-2005

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. XLVIII<br>വാല്യം 48 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 17th September 2003<br>2003 സെപ്ററംബർ 17<br>26th Bhadra 1925<br>1925 ഭാദ്രം 26 | No.<br>നമ്പർ | 1739 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ–എ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 16552/ലെഗ്. എ2/2003/നിയമം. തിരുവനന്തപുരം, 2003 സെപ്റ്റംബർ 17
1925 ഭാദ്രം 26.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2003 സെപ്റ്റംബർ 13-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. റ്റി. ഇഗ്നേഷ്യസ്,
നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

# 2003-ലെ 30-ാം ആക്റ്റ്

# 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ്

ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധിയും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി കൊടുത്തിട്ടുള്ള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധിക്കും സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിനാലാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "ഗവൺമെന്റ് ഗാരണ്ടി" എന്നതിൽ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി സംസ്ഥാന സർക്കാർ നൽകിയ ഗാരണ്ടി ഉൾപ്പെടുന്നതാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി.—ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കിനിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗാരണ്ടികൾ പതിനാലായിരം കോടി രൂപയിൽ കവിയാൻ പാടുള്ളതല്ല.

4. <u>വിലക്ക്</u>.—തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും സ്വകാര്യ വ്യക്തിയുടേയോ, സ്ഥാപനത്തിന്റേയോ അല്ലെങ്കിൽ കമ്പനിയുടേയോ വായ്പ സംബന്ധിച്ച് യാതൊരു ഗവൺമെന്റ് ഗാരണ്ടിയും നൽകാൻ പാടുള്ളതല്ല.

5. <u>ഗാരണ്ടി കമ്മീഷൻ</u>.—(1) സർക്കാർ ഏററവും കുറഞ്ഞത് പ്രതിവർഷം 0.75 ശതമാനം ഗാരണ്ടി കമ്മീഷനായി ചുമത്തേണ്ടതും അത് യാതൊരു സാഹചര്യത്തിലും വേണ്ടെന്നുവയ്ക്കാൻ പാടില്ലാത്തതുമാണ്.

(2) ഏതൊരു പദ്ധതിയുടെയും മുടക്കസാദ്ധ്യതയെ ആശ്രയിച്ച് സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഉയർന്ന നിരക്കിലുള്ള കമ്മീഷൻ വിനിർദ്ദേശിക്കാവുന്നതാണ്.

<u>വിശദീകരണം</u>.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി 'മുടക്കസാദ്ധ്യത' എന്നാൽ ഗവൺമെന്റ് ഗാരണ്ടി ആർക്കുവേണ്ടിയാണോ നൽകുന്നത് ആ കടം വാങ്ങുന്ന ആൾ, കടം വാങ്ങിയ തുക, വ്യവസായത്തിന്റെ ഇനം, സാമ്പത്തിക സ്ഥിതി എന്നിവയെ ആശ്രയിച്ച് മുടക്കം വരുത്താനുള്ള സംഭവ്യത എന്നർത്ഥമാകുന്നു.

(3) സർക്കാരിന് കിട്ടേണ്ടതായ ഗാരണ്ടി കമ്മീഷൻ കടം വാങ്ങുന്ന ആൾ പൂർണ്ണമായി അടച്ചുതീർക്കാത്തപക്ഷം, നൽകിയിട്ടുള്ള ഗാരണ്ടി, ഗാരണ്ടി കാലാവധിക്കു ശേഷം നീട്ടാൻ പാടില്ലാത്തതാകുന്നു.

6. <u>ഗാരണ്ടി റിഡംപ്ഷൻ ഫണ്ട്</u>.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, ഗാരണ്ടി റിഡംപ്ഷൻ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് സ്വീകരിക്കേണ്ടതാണ്.

(2) 5-ാംവകുപ്പ് പ്രകാരം ചുമത്തുന്ന ഗാരണ്ടി കമ്മീഷൻ ഗാരണ്ടി റിഡംപ്ഷൻ ഫണ്ടിന്റെ കോർപ്പസ് ആകുന്നതും അത് സംസ്ഥാനത്തിന്റെ പൊതു കണക്കിൽ അടയ്ക്കേണ്ടതുമാണ്.

(3) ഗാരണ്ടി റിഡംപ്ഷൻ ഫണ്ടിന്റെ നടത്തിപ്പ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരത്തിലായിരിക്കേണ്ടതാണ്.

7. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സർക്കാരിന്റെ അധികാരം</u>.—(1) സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന്റെ ആവശ്യത്തിലേക്കായി, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരംവയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, അതിനുശേഷം ആ ചട്ടത്തിന്, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രീതിയിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാകുന്നു.

GOVERNMENT OF KERALA

**Law (Legislation-A) Department**

NOTIFICATION

No. 16552/Leg. A2/2003/Law.

*Dated, Thiruvananthapuram, 17th September, 2003*
*26th Bhadra, 1925.*

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in the English language of the Kerala Ceiling on Government Guarantees Act, 2003 (30 of 2003).

By order of the Governor,

A. T. IGNATIUS,
*Special Secretary (Law).*

[Translation in English of "2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ്" published under the authority of Governor.]

## ACT 30 OF 2003

## THE KERALA CEILING ON GOVERNMENT GUARANTEES ACT, 2003

*An Act to provide for ceiling on Government guarantees and other matters connected therewith or incidental thereto.*

*Preamble.*—WHEREAS it is expedient to provide for ceiling on Government guarantees issued on behalf of the Government departments, public sector undertakings, local authorities, statutory boards, corporations and co-operative institutions and for promoting fiscal discipline of the State;

BE it enacted in the Fifty-fourth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Ceiling on Government Guarantees Act, 2002.

(2) It shall come into force on such date as the Government may, by notification in the Gazette, appoint.

2. *Definitions.*—In this Act, unless the context otherwise requires,—

(a) "Government" means the Government of Kerala;

(b) "Government guarantee" includes the guarantee given by the State Government on behalf of the Government departments, public sector undertakings, local authorities, statutory boards, corporations and co-operative institutions;

(c) "prescribed" means prescribed by rules made under the Act;

(d) "State" means the State of Kerala.

3. *Ceiling on Government Guarantees.*—The total outstanding Government guarantees as on the first day of April of any year shall not exceed rupees fourteen thousand crores.

4. *Prohibition.*—Notwithstanding anything contained in any other law for the time being in force, no Government guarantee shall be given in respect of a loan of any private individual, Institution or Company.

33/4327/2003/DTP.

5. *Guarantee commission.*—(1) The Government shall charge a minimum of 0.75 per cent per annum as guarantee commission, which shall not be waived under any circumstances.

(2) Depending on the default risk of any project, the Government may, by notification in the Gazette, specify commission at an enhanced rate.

*Explanation.*—For the purpose of this section 'default risk' means the probability of default by the borrower on whose behalf the Government guarantee is given, depending on the amount borrowed, the type of industry and the economic situations.

(3) The guarantee given shall not be extended on the expiry of the guarantee period unless the borrower had paid in full the guarantee commission due to the government.

6. *Guarantee Redemption Fund.*—(1) The Government shall, by notification in the Gazette, constitute a fund called the Guarantee Redemption Fund.

(2) The Guarantee commission charged under section 5 shall form the corpus of the Guarantee Redemption Fund and it shall be remitted in the Public Accounts of the State.

(3) The administration of Guarantee Redemption Fund shall be in such manner as may be prescribed.

7. *Power of Government to make rules.*—(1) The Government may, by notification in the gazette, make rules for the purpose of carrying into effect the provisions of this Act.

(2) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days, which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule, or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however, that any such modification or annulment shall be without prejudice to the validity of anything previously done under that rule.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2003